റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇടുക്കി ജില്ലയിൽ വ്യാപകമായി മലയിടിച്ചിലും അതിവർഷവുമുണ്ടായിട്ടുണ്ട്. ഏറ്റവും രൂക്ഷമായിട്ടുള്ളത് മൂന്നാറിലാണ്. മൂന്നാറിലെ എം. എൽ. എ. ശ്രീ. എ. കെ. മണി ഇപ്പോൾ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹവുമായി ഞാൻ രാവിലെ സംസാരിച്ചിരുന്നു. ഇന്നലെ രാവിലെ ഉണ്ടായ മലയിടിച്ചിലിൽ ഒരാൾ മരണമടഞ്ഞു. നല്ലതണ്ണിയിലുള്ള ശെൽവരാജപിള്ളയാണ് മരിച്ചത്. വൈകുന്നേരം ഏഴ് മണിക്ക് അദ്ദേഹം വീട്ടിലേക്ക് പോകുമ്പോൾ മലയിടിഞ്ഞ് വീണ് മരിക്കുകയായിരുന്നു. അതുപോലെതന്നെ അന്തോണിയാർ കോളനിയിൽ മലയിടിഞ്ഞു 5 വീടുകൾ മണ്ണിനടിയിലാണ്. രണ്ട് വീടുകളിലായി 5 പേരെ കാണാതായിട്ടുണ്ട്. എത്ര പേരുണ്ടെന്ന് അറിഞ്ഞുകൂടാ. അരമണിക്കൂർ മുമ്പ് കിട്ടിയ റിപ്പോർട്ടനുസരിച്ച് ഗാന്ധിനഗറിൽ മറ്റൊരു മണ്ണിടിച്ചിലുണ്ടായി. അവിടെ ഒരു വീടിന് മുകളിലേക്കാണ് മണ്ണിടിഞ്ഞിരിക്കുന്നത്. അതിന് കീഴിൽ ആളുകളുണ്ടോ എന്ന് സംശയിക്കുകയാണ്. അതുപോലെ തന്നെ രണ്ട് പേർ ഇപ്പോൾ ആശുപത്രിയിലുണ്ട്. ആകെ 8 പേരെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നത്. 6 പേരെ ഫസ്റ്റ് എയ്ഡ് കൊടുത്ത് ഡിസ്ചാർജ് ചെയ്തിട്ടുണ്ട്. രണ്ട് പേർ ആശുപത്രിയിലുണ്ട്. റവന്യൂ, പോലീസ്, ഫയർഫോഴ്സ്, ഹെൽത്ത്, ഫോറസ്റ്റ് എന്നീ ഡിപ്പാർട്ടുമെന്റുകളെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് റെസ്ക്യൂ പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നുണ്ട്. അവിടെ മണ്ണ് മാറുന്നുണ്ട്. പക്ഷേ ഒരു ബുദ്ധിമുട്ട് വന്നിരിക്കുന്നത്, വ്യാപകമായ മഴയും മണ്ണിടിച്ചിലും നടന്നുകൊണ്ടിരിക്കുകയാണ് എന്നുള്ളതാണ്. ആളുകൾക്ക് തന്നെ, ഉദ്യോഗസ്ഥർക്ക് തന്നെ റെസ്ക്യൂ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്; ഭയപ്പാടുണ്ട്. ആ നിലയിൽ ഒരു പുതിയ പ്രതിഭാസം അവിടെ ഉയർന്നുവന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മുരിക്കാശ്ശേരി, കഞ്ഞിക്കുഴി എന്നിവിടങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ട്; മരിച്ച ആളുകളുടെ കുടുംബത്തിന് 50,000 രൂപ സഹായമായി നൽകുന്നതാണ്. വീടുകൾ നഷ്ടപ്പെട്ടവർക്ക് പകരം വീട് വച്ചു കൊടുക്കുന്നതാണ്. നോംസ് അനുസരിച്ച് 10,000 രൂപയേ കൊടുക്കുവാൻ നിവൃത്തിയുള്ളുവെങ്കിൽപോലും പ്രത്യേക കേസായി ഇത് പരിഗണിച്ച് 30,000 രൂപ വീടുകൾ വയ്ക്കുന്നതിന് ഗവൺമെന്റ് നൽകുന്നതാണ്. അതുപോലെ ഈ കാര്യത്തിൽ മറ്റ് സഹായങ്ങൾക്കൊക്കെ ഗവൺമെന്റ് ഏർപ്പാട് ചെയ്യുന്നതാണ്. ഞാൻ ഇന്നു രാവിലെതന്നെ റവന്യൂ കമ്മീഷണർ ശ്രീ. അൽഫോൺസ് കണ്ണന്താനത്തെ ഈ പ്രവർത്തനങ്ങളെല്ലാം ഒന്നുകൂടി കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായും മൂന്നാറിലേക്ക് അയച്ചിട്ടുണ്ട്. അദ്ദേഹം ഇന്ന് വൈകുന്നേരത്തിനു മുമ്പായി അവിടെ എത്തും. പോരായ്മയുള്ള കാര്യങ്ങൾ അദ്ദേഹം നിർവ്വഹിച്ചുകൊള്ളും. ശ്രീ. എ. കെ. മണി എം. എൽ. എ ബാക്കി സഹായങ്ങളും പ്രവർത്തനങ്ങളുമായി രംഗത്തുണ്ട്.

VI. പ്രത്യേക പരാമർശം

തീരപ്രദേശങ്ങളിൽ ഭൂകമ്പമുണ്ടാകുകയും മത്സ്യബന്ധനത്തിന് പോയവരെ കാണാതാകുകയും ചെയ്ത സംഭവം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേരളത്തിന്റെ തീരദേശത്ത് ഇന്നു പുലർച്ചെ നേരിയ തോതിലുള്ള ഭൂചലനം ഉണ്ടായിട്ടുണ്ട്. അതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ തന്നെ വൈപ്പിനിൽ കടലിൽ പോയ നാലുപേരെ കാണാതായിട്ടുണ്ട്. അതിൽ ഒരാളുടെ മൃതദേഹം കിട്ടിയതായിട്ടാണ് പറയുന്നത്. ഇത് സംബന്ധിച്ച് അന്വേഷിച്ച് ഗൗരവസ്ഥിതി ഉണ്ടെങ്കിൽ സഭ പിരിയുന്നതിനുമുമ്പ് അറിയിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, മത്സ്യബന്ധനത്തിനുപോയ ചില തൊഴിലാളികളെ തിരിച്ചുവന്നിട്ടില്ല എന്ന വിവരം കിട്ടി. ഉടനെതന്നെ നേവിയുമായി ബന്ധപ്പെട്ട് അവരെ അന്വേഷിക്കുന്നതിനുവേണ്ട സംവിധാനങ്ങൾ ചെയ്യുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ മൃതദേഹം കിട്ടിയെന്നുള്ളതിനു എനിക്ക് വിവരമില്ല. അവർ തിരിച്ചെത്തിയിട്ടില്ല എന്നുള്ള വിവരം അറിഞ്ഞ ഉടനെ നേവിയുമായി ബന്ധപ്പെട്ട് അതിനു വേണ്ട സംവിധാനം ഉണ്ടാക്കാൻ നിർദ്ദേശം കൊടുത്തു കഴിഞ്ഞു. മൃകമ്പത്തെ സംബന്ധിച്ച് ഒരു ഭയപ്പാട് ഉണ്ടെങ്കിൽ, കാരണം മാറ് പ്രദേശങ്ങളിൽ മൃകമ്പം ഉണ്ടായതിനെത്തുടർന്ന് സുനാമി പോലെയുള്ള പ്രശ്നങ്ങൾ ഉണ്ടാകുമെന്നുള്ള ഭയപ്പാടോ ആശങ്കയോ ഉണ്ടെങ്കിൽ ഇതുവരെയുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഭയപ്പെടേണ്ട ഒരു സാഹചര്യവും ഇല്ല.

VII. റിപ്പോർട്ട് സമർപ്പണം

(1) 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ,

(2) 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെൻഡ്മെന്റ്) അമെൻഡിംഗ് ബിൽ.

(3) 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രോഹിബിഷൻ ഓഫ് കാപ്പിറേഷൻ ഫീസ് ആൻഡ് പ്രൊസീജിയർ ഫോർ അഡ്മിഷൻ ആൻഡ് ഫിക്സേഷൻ ഓഫ് ഫീസ്) അമെൻഡ്മെന്റ് ബിൽ. ഇവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ, 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെൻഡ്മെന്റ്) അമെൻഡിംഗ് ബിൽ, 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് കാപ്പിറേഷൻ ഫീസ് ആൻഡ് പ്രൊസീജിയർ ഫോർ അഡ്മിഷൻ ആൻഡ് ഫിക്സേഷൻ ഓഫ് ഫീസ്) അമെൻഡ്മെന്റ് ബിൽ എന്നിവ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ റിപ്പോർട്ടുകൾ ചെയർമാനു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

(4) അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട്.

ശ്രീ. എ. സുജനപാൽ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly